# കേരള ക്ഷീര കർഷക ക്ഷേമനിധി

## ഒരു വഴികാട്ടി







ഫാം ഇൻഫർമേഷൻ ബ്യൂറോ

# ക്ഷേമനിധി ഒരാമുഖം

കേരളത്തിലെ പ്രാഥമിക ക്ഷീരസംഘങ്ങളിൽ പാൽ വിപണനം നടത്തുന്ന ക്ഷീരകർഷകർക്ക് പെൻഷനും മറ്റ് ധനസഹായങ്ങളും അനുവദിക്കുന്നതിലേയ്ക്കായാണ് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിരിക്കുന്നത്. ക്ഷീരകർഷക ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ക്ഷേമനിധി അംഗത്വം നേടേണ്ടതുണ്ട്.



ഫാം ഇൻഫർമേഷൻ ബ്യൂറോ

പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാണ് ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ക്ഷീരകർഷകൻ അപേക്ഷ സമർപ്പിക്കുന്നതു മുതൽ ധനസഹായം അനുവദിക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും ക്ഷേമനിധിയുടെ സോഫ്റ്റ്‌വെയർ സംവിധാനമായ ക്ഷീരജാലകത്തിലൂടെയാണ് കൈകാര്യം ചെയ്യുന്നത്. ക്ഷീരകർഷകർക്ക് നേരിട്ടോ, അക്ഷയ സെന്ററുകൾ, ഇന്റർനെറ്റ് കഫേകൾ എന്നിവ മുഖേനയോ, ക്ഷീരസംഘങ്ങൾ, ക്ഷീരവികസന യൂണിറ്റ് ഓഫീസുകൾ എന്നിവയുടെ സഹായത്തോടുകൂടിയോ അപേക്ഷകൾ സമർപ്പിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ ക്ഷീരകർഷക പെൻഷണർമാർ വർഷാവർഷം സമർപ്പിക്കേണ്ടുന്ന ലൈഫ് സർട്ടിഫിക്കറ്റുകൾ ഓൺലൈൻ സംവിധാനം മുഖേന നൽകുവാൻ സാധിക്കും. ആധാർ ഡേറ്റാബെയ്സിലെ ബയോമെട്രിക് വിവരങ്ങൾ പ്രയോജനപ്പെടുത്തിയാണ് "ക്ഷീരസചേതന" എന്ന പ്രസ്തുത സംവിധാനം പ്രവർത്തിക്കുന്നത്. വിവരസാങ്കേതികവിദ്യയുടെ പുരോഗതി ക്ഷീരകർഷകർക്ക് പരമാവധി പ്രയോജനപ്പെടുന്ന രീതിയിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതുകൊണ്ട് തന്നെ വേഗത, സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പാക്കുന്നതിനോടൊപ്പം അപേക്ഷകളുടെ തൽസ്ഥിതി വിവരങ്ങൾ കർഷകർക്ക് നേരിട്ട് തന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന സൗകര്യവും ലഭ്യമാണ്.

# ക്ഷേമനിധിയുടെ ലക്ഷ്യങ്ങൾ

- ക്ഷീരകർഷകർക്ക് വാർദ്ധക്യത്തിലൊരു കൈത്താങ്ങ്.
- ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷിതത്വവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുക.
- പ്രാഥമിക ക്ഷീരസംഘങ്ങളിലേയ്ക്ക് കൂടുതൽ ക്ഷീരകർഷകരെ ആകർഷിക്കുക.
- പാലുൽപ്പാദനം വർദ്ധിപ്പിക്കുക.



# ക്ഷേമനിധി അംഗത്വം

കേരളത്തിലെ ഏതെങ്കിലും ഒരു പ്രാഥമിക ക്ഷീരസഹകരണസംഘത്തിൽ ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ വിപണനം നടത്തിയിട്ടുള്ള 18 വയസ്സ് പൂർത്തിയായ ക്ഷീരകർഷകർക്ക് ക്ഷേമനിധി അംഗത്വത്തിന് അർഹതയുണ്ട്. യോഗ്യരായ ക്ഷീരകർഷകർ ക്ഷീരകർഷക ക്ഷേമനിധിയുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് അംഗത്വ ഫീസായ 100/- രൂപ ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖയിൽ അടയ്ക്കേണ്ടതുമാണ്.

# ക്ഷേമനിധിയിൽ നിന്നും നൽകി വരുന്ന ആനുകൂല്യങ്ങൾ

പെൻഷൻ

കുടുംബപെൻഷൻ

വിവാഹധനസഹായം

വിദ്യാഭ്യാസധനസഹായം

മരണാനന്തരധനസഹായം

മികച്ച ക്ഷീരകർഷകനുള്ള അവാർഡ്

ക്ഷീരസുരക്ഷ പദ്ധതി

# ക്ഷീരകർഷക പെൻഷൻ

അറുപത് വയസ്സ് പൂർത്തിയായ ക്ഷീരകർഷകർക്കാണ് ക്ഷീരകർഷക ക്ഷേമനിധി പെൻഷന് അർഹത. ക്ഷേമനിധി അംഗത്വം ലഭിച്ചതിന് ശേഷം പ്രതിവർഷം കുറഞ്ഞത് 500 ലിറ്റർ പാൽ വീതം ഏതെങ്കിലും അഞ്ച് വർഷം പ്രാഥമിക ക്ഷീരസംഘത്തിൽ വിപണനം നടത്തിയിട്ടുണ്ടാകണം.



# അവശത പെൻഷൻ

ക്ഷീരകർഷക പെൻഷൻ ലഭിക്കുന്നതിനുള്ള അതേ യോഗ്യത തന്നെയാണ് അവശത പെൻഷൻ ലഭിക്കുന്നതിനും. എന്നാൽ ക്ഷീര വൃത്തിയുമായി ബന്ധപ്പെട്ട് അപകടം സംഭവിച്ച് 40% ൽ അധികം വൈകല്യമുള്ള ക്ഷീരകർഷകർക്ക് അറുപത് വയസ്സ് പൂർത്തിയാകാതെ തന്നെ പെൻഷൻ നൽകുന്നു.



ഫാം ഇൻഫർമേഷൻ ബ്യൂറോ

# കുടുംബ പെൻഷൻ

പെൻഷണർ മരണപ്പെടുന്ന വേളയിൽ അനന്തരാവകാശിയ്ക്ക് കുടുംബ പെൻഷൻ നൽകുന്നു. കുടുംബപെൻഷൻ ലഭിക്കുന്നതിനായി അനന്തരവാകാശി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. പെൻഷണറുടെ മരണസർട്ടിഫിക്കറ്റ് നിർബന്ധമായും സമർപ്പിച്ചിട്ടുണ്ടാകണം.



# വിവാഹ ധനസഹായം

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് ക്ഷേമനിധിയിൽ നിന്നും വിവാഹധനസഹായം അനുവദിച്ചു വരുന്നു. ത്രിതല പഞ്ചായത്തുകളിൽ നിന്നും അനുവദിക്കുന്ന വിവാഹസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്. വിവാഹം നടന്ന് ആറ് മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടാകണം.

# വിദ്യാഭ്യാസ ധനസഹായം

പഠനത്തിൽ മികവ് പുലർത്തുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. എസ്.എസ്.എൽ.സി, പ്ലസ് 2, ഡിഗ്രി, പ്രൊഫഷണൽ എന്നീ തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായത്തിന് അർഹത. തൊട്ടുമുൻവർഷത്തെ പാലളവിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കുകളെ വർഗ്ഗീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിലാണ് ഓരോ ബ്ലോക്കിലും അനുവദിക്കുന്ന വിദ്യാഭ്യാസ ധനസഹായത്തിന്റെ എണ്ണം തീരുമാനിക്കുന്നത്. ഓരോ വർഷത്തെയും സ്കീം അംഗീകരിക്കപ്പെടുന്നമുറയ്ക്ക് ക്ഷീരകർഷകർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ബ്ലോക്ക്തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയിട്ടുള്ള നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കാണ് ഓരോ വർഷവും ധനസഹായം അനുവദിക്കുന്നത്.

# മരണാനന്തര ധനസഹായം

ക്ഷീരകർഷക ക്ഷേമനിധി അംഗം മരണപ്പെടുന്നവേളയിൽ കുടുംബത്തിന് മരണാനന്തര ധനസഹായം അനുവദിച്ചുവരുന്നു. മരണാനന്തരകർമ്മങ്ങൾ നടത്തുന്നതിന് സഹായകരമാകുന്നരീതിയിൽ മരണദിവസം തന്നെ ക്ഷീരസംഘത്തിൽ നിന്നും തുക അനുവദിക്കുന്നു.



# മികച്ച ക്ഷീരകർഷകനുള്ള അവാർഡ്

ജില്ലയിൽ ഏറ്റവും മികച്ച രീതിയിൽ ക്ഷീരോൽപ്പാദനം നടത്തുന്ന ക്ഷീരകർഷകന് മികച്ച ക്ഷീരകർഷകനുള്ള അവാർഡ് അനുവദിച്ചു വരുന്നു. ഓരോ വർഷവും ക്ഷീരവികസന വകുപ്പ് സംഘടിപ്പിക്കുന്ന ജില്ലാ ക്ഷീരകർഷക സംഗമവുമായി ബന്ധപ്പെട്ടാണ് അവാർഡ് വിതരണം നടത്തുന്നത്.

# ക്ഷീരസുരക്ഷ പദ്ധതി

ക്ഷീരസുരക്ഷ പദ്ധതി പ്രകാരം ക്ഷേമനിധി അംഗങ്ങളുടെ ചികിത്സ യ്ക്കായി ധനസഹായം അനുവദിച്ചുവരുന്നു. മാരകരോഗങ്ങൾ, പകർച്ച വ്യാധികൾ, പശുപരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരി ക്കുകൾ തുടങ്ങി വിവിധ ഇനങ്ങളിൽ ധനസഹായം അനുവദിച്ചുവരുന്നു. അപകടമരണം സംഭവിക്കുന്ന ക്ഷീരകർഷകരുടെ കുടുംബത്തിനും ഈ പദ്ധതി പ്രകാരം ധനസ ഹായം അനുവദിച്ചുവരുന്നു.

# ക്ഷേമനിധി പദ്ധതികളുടെ ധനകാര്യ വിവരം

പെൻഷൻ - 1200/- രൂപ

കുടുംബപെൻഷൻ - 150/- രൂപ

വിവാഹധനസഹായം - 5000/- രൂപ

മരണാനന്തരധനസഹായം - 3000/-രൂപ

വിദ്യാഭ്യാസധനസഹായം-

- എസ്.എസ്.എൽ.സി തലം - 1000/-രൂപ
- പ്ലസ്സ് 2 തലം - 1500/-രൂപ
- ഡിഗ്രി തലം - 2000/-രൂപ
- പ്രൊഫഷണൽ തലം - 2500/-രൂപ

മികച്ച ക്ഷീരകർഷകനുള്ള അവാർഡ്

(സംസ്ഥാനം) - 10,000/-രൂപ

(ജില്ല) - 5000/- രൂപ

ക്ഷീരസുരക്ഷ പദ്ധതി

* അപകടമരണം സംഭവിച്ചവർക്ക് - 50,000/- രൂപ
* മാരകരോഗങ്ങളുടെ ചികിത്സയ്ക്ക് - 15,000/- രൂപ
* അപകടം, സ്ട്രോക്ക് എന്നിവ മൂലമുണ്ടാകുന്ന സ്ഥായിയായ അവശതയ്ക്ക് - 10,000/-രൂപ
* പകർച്ചവ്യാധി, പശുപരിപാലനത്തിനിടെ ക്ഷീരകർഷകർക്കുണ്ടാകുന്ന അപകടം, ഗുരുതരമായ പരിക്കുകൾക്ക്, പാമ്പുകടി, പേവിഷബാധ എന്നിവയ്ക്കുള്ള ചികിത്സാ ധനസഹായം - 2000/- രൂപ

ക്ഷീരകർഷക ക്ഷേമനിധിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിനും ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനും www.kdfwf.org എന്ന വെബ്സൈറ്റ് പ്രയോജനപ്പെടുത്താവുന്നതാണ്.

## നേരിട്ട് ബന്ധപ്പെടുന്നതിന്:


ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
കേരള ക്ഷീരകർഷക
ക്ഷേമനിധി ബോർഡ്
റ്റി സി 26/1135, തുമ്പുങ്കൽ മനോജ് മന്ദിർ,
പി.എം.ജി.റോഡ്,
പട്ടം പാലസ് പി.ഒ,
തിരുവനന്തപുരം- 695004,
ഫോൺ: -0471-2723671
keraladairyfarmerswfb@yahoo.in


ക്ഷേമനിധി അംഗത്വം കരസ്ഥമാക്കൂ...
ജീവിത ഭദ്രത ഉറപ്പാക്കൂ....